നിന്നു കിട്ടുന്ന മുറയ്ക്കാണ് അനുവദിക്കുന്നത്. ഇതല്ലാതെ മഹിളാ സ്വസ്ത് സംഘത്തിന്റെ പ്രവർത്തനത്തിനായി ഒരു വകയിലും കേന്ദ്ര സർക്കാർ ഒരു പൈസപോലും തരുന്നില്ല. 1991-ൽ പ്രവർത്തനം ആരംഭിച്ച മഹിളാ സ്വസ്ത് സംഘത്തിനു 3,420 യൂണിറ്റുകൾ ഉണ്ടെങ്കിലും 2000 മാണ്ടിൽ കേന്ദ്ര സർക്കാർ 3,220 യൂണിറ്റുകൾക്ക് മാത്രമേ പ്രതിമാസ ഓണറേറിയം അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത സംഘങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകണമെന്നും ഓണറേറിയം വർദ്ധിപ്പിക്കണമെന്നും യൂണിഫോം നൽകണമെന്നും മറ്റും നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. മുൻ ആരോഗ്യ വകുപ്പ് മന്ത്രി 10-3-1999-ൽ യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചയിൽ മഹിളാ സ്വസ്ത് സംഘത്തിലെ വോളന്റിയർമാർക്ക് ജെ.പി.എച്ച്.എൽ. കോഴ്സിൽ ചേരുന്നതിനു വെയിറ്റേജ് നൽകുക, ആരോഗ്യ വകുപ്പിലെ പാർട്ട് ടൈം ജോലികൾക്ക് ഇവരെ പരിഗണിക്കുക എന്നീ കാര്യങ്ങളെ സംബന്ധിച്ച് ഒരു ധാരണയിൽ എത്തിയതായി രേഖയിൽ കാണുന്നു. വിശദമായ ചർച്ചകൾക്ക് ശേഷം ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(7) നിർമ്മിതികേന്ദ്രം ജീവനക്കാരുടെ നിയമസഭാ മാർച്ച്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരുടെ പ്രശ്നങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്. കഴിഞ്ഞ ദിവസം അവർ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുമ്പിൽ ധർണ നടത്തുകയുണ്ടായി. രാവിലെ മുതൽ വൈകുന്നേരം വരെ സത്യാഗ്രഹ സമരം നടത്തുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിലെ നിർമ്മിതി കേന്ദ്രം ജീവനക്കാരെ വോളന്റിയർമാർ എന്നാണ് വിളിക്കുന്നത്. അവർ ജീവനക്കാരാണ്., പണിയെടുക്കുന്നവരാണ്, കൂലി ലഭിക്കുന്നവരുമാണ്. അവർക്ക് ന്യായമായ കൂലി കിട്ടേണ്ടവരാണ്. അവരെ വോളന്റിയർമാർ എന്നു വിളിക്കുന്ന പതിവ് അവസാനിപ്പിക്കുക, അതുപോലെതന്നെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉള്ളതുപോലെ നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരെയും സ്ഥിരപ്പെടുത്തുക, അവർ കെ.എസ്.ആർ. വ്യവസ്ഥകൾ നടപ്പാക്കുക, അതായത് സ്ഥലം മാറ്റങ്ങൾക്ക് ഒരു പൊതു മാനദണ്ഡം ഏർപ്പെടുത്തുക, ലീവ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക, നിയമനങ്ങൾക്ക് വ്യക്തമായ മാനദണ്ഡം ഏർപ്പെടുത്തുക, വ്യക്തമായ സ്റ്റാഫ് പാറ്റേൺ ഉണ്ടാക്കുക, എംപ്ലോയീസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് രൂപം നൽകുക, ലോൺ, ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുക, ജനകീയാസൂത്രണത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിർമ്മിതി കേന്ദ്രത്തെക്കൂടി യോജിപ്പിക്കുക, നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുറമേ നിർമ്മിതി കേന്ദ്രത്തിന്റെ പ്രഖ്യാപിത ലക്ഷ്യമായ പരിശീലനം ഗവേഷണം എന്നീ മേഖലകളിൽക്കൂടി കൂടുതൽ ശ്രദ്ധിക്കുക. നിർമ്മിതികേന്ദ്രത്തിന്റെ ചെലവുകുറഞ്ഞ ഭവന നിർമ്മാണം ഡീംഡ് സർവ്വീസുകളായി ഉയർത്തുക, സർക്കാർ സർവ്വീസുകളിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരെ നിർമ്മിതി കേന്ദ്രത്തിൽ നിയമിക്കുന്ന പരിപാടി അവസാനിപ്പിക്കുക, സർക്കാരിന്റെ ഗ്രാന്റ് വർദ്ധിപ്പിക്കുക തുടങ്ങിയിട്ടുള്ള വളരെമിതവും ന്യായവുമായിട്ടുള്ള കാര്യങ്ങളാണ് ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത്രയും കാര്യങ്ങളിൽ ഒന്നിനു മാത്രമേ മറുപടി പറയുവാൻ കഴിയുകയുള്ളൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ഒരു കാര്യമാണ്.

മി. സ്പീക്കർ : ഇതിനെക്കുറിച്ചൊക്കെ ചർച്ചയാവാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ബന്ധപ്പെട്ട വകുപ്പുമന്ത്രി അവരുമായിട്ട് ഒരു ചർച്ചയ്ക്ക് തയ്യാറാകുകയും പരിഹരിക്കുവാൻ കഴിയുന്ന കാര്യങ്ങളിൽ അടിയന്തിരമായ നടപടി സ്വീകരിക്കുകയും വേണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, വോളന്റിയേഴ്സ് എന്ന നിലയിലാണ് ഇവരെ ഏർപ്പെടുത്തിയിട്ടുള്ളത്. അതുമാറ്റി സ്ഥിരം ജീവനക്കാരാക്കണമെങ്കിൽ 2 കോടി രൂപയുടെ അധിക ബാധ്യതവരും. ആ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടായിട്ടുണ്ട്. ആ രീതിയിലുള്ള ചർച്ചകൾ നടത്താം. ഇത്രയും വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കണമെങ്കിൽ അതിനുള്ള ഗ്രാന്റ് നിർമ്മതി കേന്ദ്രത്തിൽ വർദ്ധിപ്പിച്ചുകിട്ടണം. ഇവരുടെ കുറെ ആനുകൂല്യങ്ങൾ കഴിഞ്ഞ വർഷം പ്രത്യേകമായി പരിഗണിച്ച് അവർക്ക് നല്കുകയുണ്ടായി. ഇപ്പോൾ ഉന്നയിച്ചിരിക്കുന്ന പലതും മുഖ്യമായും സാമ്പത്തിക ബാധ്യതയുള്ള പ്രശ്നമാണ്. ജനകീയാസൂത്രണ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇപ്പോൾതന്നെ നിർമ്മിതി കേന്ദ്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലനം, ഗവേഷണം എന്നീ രംഗങ്ങളിൽ മുൻ വർഷത്തെക്കാൾ ഇപ്പോൾ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. വോളന്റിയർമാരുടെ ഓണറേറിയം 35 ശതമാനമായി ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. മറ്റു കാര്യങ്ങൾ ഒക്കെ സാമ്പത്തികമായ പ്രശ്നങ്ങളായതുകൊണ്ട് ചർച്ചകൾ ആവശ്യമാണ്.

(8) എൻ. എച്ച്. 17-ഉം 49-ഉം വികസിപ്പിക്കുന്നതിനുള്ള കാലതാമസം

ശ്രീ.കെ. ബാബു : എൻ. എച്ച്. 17-ലെ ചെറിയപള്ളി മുതൽ ഇടപ്പള്ളി വരെയുള്ള പ്രദേശങ്ങളിൽ ലാന്റ് അക്വിസിഷൻ നടക്കാത്തതുമൂലം ജനങ്ങൾ വളരെയേറെ പ്രയാസപ്പെടുകയാണ്. വരാപ്പുഴ പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുവാൻ പോകുന്നു എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. വരാപ്പുഴ പാലംകൂടി പൂർത്തിയാകുന്ന സാഹചര്യത്തിൽ ഇവിടെ ലാന്റ് അക്വിസിഷൻ നടത്തി റോഡ് വികസനം പൂർത്തിയാക്കേണ്ടത് അടിയന്തിരമായി ആവശ്യം വന്നിരിക്കുകയാണ്. 25 കൊല്ലത്തോളമായി ഈ ഭൂമി അക്വയർ ചെയ്യാൻപോകുന്നു എന്നു പറഞ്ഞ് മരവിപ്പിച്ചിട്ടിട്ട്. 5 വർഷം മുൻപ് അതിനു അലൈൻമെന്റ് നിശ്ചയിക്കുകയും പെഗ്മാർക്കിംഗ് നടത്തുകയും ചെയ്തു. പക്ഷെ അക്വിസിഷൻ ഇതുവരെ എൻ.എച്ച്. 17-ൽ നടന്നിട്ടില്ല. അതുപോലെതന്നെ എൻ.എച്ച്. 49-ൽ കൊച്ചി-മധുര ഹൈവേയിലെ ലാന്റ് അക്വിസിഷനും ഇതുവരെ ആരംഭിച്ചിട്ടില്ല. അതിനു തൃപ്പൂണിത്തുറ പ്രദേശത്ത് ഒരു കേസുണ്ട്. ജനങ്ങൾക്കുകൂടി ബോധ്യമാകത്തക്ക വിധത്തിൽ അതിനു അലൈൻമെന്റ് നിശ്ചയിച്ച് അവിടെ ലാന്റ് അക്വിസിഷൻ പൂർത്തിയാക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly